# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

23.01.2018 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.28

## വിലക്കയറ്റം തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.ഡോ.എൻ. ജയരാജ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) വിലക്കയറ്റം തടയുന്നതിന് നടപ്പ് സാമ്പത്തിക വർഷം എന്തെല്ലാം കരുതൽ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) സബ്സിഡി നിരക്കിൽ 14 ഇനം അവശ്യ സാധനങ്ങൾ പൊതുവിപണിയിലേതിനേക്കാൾ ശരാശരി 20 മുതൽ 50% വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ പൊതു വിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ "ശബരി" ബ്രാൻഡിലും എം.ആർ.പി. യേക്കാൾ ശരാശരി 5 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ FMCG (Fast Moving Consumer goods) സാധനങ്ങളും ലഭ്യമാക്കിവരുന്നു. പൊതുവിപണിയിലെ അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിന് പുറമെ, ആന്ധ്രയിൽ നിന്നും നേരിട്ട് ജയ അരി സംഭരിക്കുകയും കിലോഗ്രാമിന് 25 രൂപ എന്ന നിരക്കിൽ വില്പന നടത്തുകയും ചെയ്തിട്ടുണ്ട്. ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ സീസണുകളിൽ വിപണി ഇടപെടൽ നടത്തി വിലക്കയറ്റം പിടിച്ച് നിർത്താൻ സാധിച്ചതിനു പുറമെ കൂടുതൽ വില്പന ശാലകൾ ആരംഭിച്ചും നിലവിലുള്ള വില്പനശാലകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും സപ്ലൈകോയുടെ സേവനം കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി നടപ്പുസാമ്പത്തിക വർഷം അരി ഇറക്കുമതി ചെയ്യുവോ; എങ്കിൽ ഏതു നിരക്കിലാണ് അരി ഇറക്കുമതി ചെയ്തത് എന്നറിയിക്കാമോ; | (ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ആന്ധ്രയിലെ മില്ലുടമകളിൽ നിന്നും 51650 ക്വിൻറൽ അരി 34.48/kg എന്ന നിരക്കിൽ സംഭരിച്ചിട്ടുണ്ട്. |
| (സി) ഇപ്രകാരം അരി ഇറക്കുമതി ചെയ്തത് ഇ-ടെൻഡർ മുഖേനയാണോ; വ്യക്തമാക്കുമോ; | (സി) ആന്ധ്രയിലെ മില്ലുടമകളിൽ നിന്നും അരി സംഭരിച്ചത് ഇ-ടെൻഡർ മുഖേനയല്ല. ആന്ധ്രാപ്രദേശിൽ നിന്ന് നേരിട്ട് അരി ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഒരു ഉന്നതതല സംഘം ആന്ധ്രാപ്രദേശ് സന്ദർശിച്ച് സർക്കാർ തലത്തിൽ ചർച്ച നടത്തുകയും ആന്ധ്രാ പ്രദേശ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മദ്ധ്യസ്ഥതയിൽ മില്ലുടമകളിൽ നിന്നും അരി സംഭരിക്കുകയുമാണ് ചെയ്തത്. ഇതിനായ് പ്രത്യേകം സർക്കാർ ഉത്തരവ് സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. |
| (ഡി) അരി ഇറക്കുമതി ചെയ്യാൻ ഇടനിലക്കാരുടെ സഹായം തേടിയിരുന്നോ എന്ന് വെളിപ്പെടുത്താമോ? | (ഡി) ഇടനിലക്കാരുടെ സഹായം തേടാതെ ആന്ധ്രാപ്രദേശ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന മില്ലുടമകളിൽ നിന്നുമാണ് അരി ഇറക്കുമതി ചെയ്തത്. |

സെക്ഷൻ ഓഫീസർ